ഉത്തരം

ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിന് സമർപ്പിക്കുന്ന അപേക്ഷയുടെ അടിയന്തിര സ്വഭാവവും അതോടൊപ്പമുള്ള രേഖകളും കണക്കിലെടുത്ത് അപ്പോൾത്തന്നെ സഹായം അനുവദിക്കുകയോ ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് വാങ്ങിയശേഷം അനുവദിക്കുകയോ ആണ് അനുവർത്തിച്ചുവരുന്ന രീതി. അതുകൊണ്ട് അപേക്ഷാതീയതി ഇക്കാര്യത്തിൽ പ്രസക്തമല്ല.

കബനീ നദിക്കു കുറുകെ പാലം നിർമ്മിക്കുന്ന നടപടി

169 (2177) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസഹായത്തോടെ കേരള കർണ്ണാടക സംസ്ഥാനങ്ങൾ ചേർന്ന് ബൈർക്കുപ്പ എന്ന സ്ഥലത്ത് കബനീ നദിക്ക് കുറുകെ ഒരു പാലം പണിയാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ നിർമ്മാണം ആരംഭിച്ചുവോ ;

(സി) ഇല്ലെങ്കിൽ അതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ;

(ഡി) എങ്കിൽ തടസ്സം എന്തെന്ന് വിശദീകരിക്കുമോ ;

(ഇ) ഈ തടസ്സങ്ങൾ ഒഴിവാക്കി പാലത്തിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) കേരള കർണ്ണാടക അതിർത്തിയിൽ കബനീ നദിക്ക് കുറുകേ ബൈർക്കുപ്പ എന്ന സ്ഥലത്ത് ഇന്റർ സ്റ്റേറ്റ് കണക്ടിവിറ്റി പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഒരു പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കർണ്ണാടക സർക്കാർ ഈ പദ്ധതിക്ക് എൻ.ഒ.സി. നൽകിയിട്ടില്ലാത്തതുമൂലം ഈ പാലത്തിന്റെ പണി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. നിർദ്ദിഷ്ടപാലം സമീപത്തുള്ള രാജീവ്ഗാന്ധി നാഷണൽ പാർക്കിനെ ദോഷകരമായി ബാധിക്കുമെന്ന തടസ്സവാദം കർണ്ണാടക സർക്കാർ ഉന്നയിച്ചിട്ടുണ്ട്. തടസ്സങ്ങൾ നീക്കികിട്ടുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി 4/2003-ൽ കർണ്ണാടക സർക്കാരുമായി ബാംഗ്ലൂരിൽ ചർച്ച നടത്തുകയും പദ്ധതിക്ക് എൻ.ഒ.സി. നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കർണ്ണാടക സർക്കാരിൽ നിന്ന് എൻ.ഒ.സി. ലഭിച്ചശേഷം പദ്ധതി നടപ്പാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly